I ഇ.ബി. XIV-കേരള നിയമസഭ/XVI-19

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 339-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 12-11-2019-ലെ നക്ഷത്രചിഹ്നമിട്ട 339-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അറിയിപ്പ്

<u>സഭാംഗങ്ങളെ സെൻഷ്വർ ചെയ്തത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 20.11.2019-ന് ചട്ടം 50 പ്രകാരമുള്ള നോട്ടീസിനുള്ള പരിഗണന പൂർത്തിയായതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്റെ വാക്കൗട്ട് പ്രസംഗം പൂർത്തീകരിക്കുന്നതിനുമുമ്പ് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ഏതാനും അംഗങ്ങൾ ചെയറിനെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ വെല്ലിൽ ഇറങ്ങുകയും പ്രതിഷേധിക്കുകയും ചെയ്തു. തുടർന്ന് സർവ്വശ്രീ റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിലേക്ക് കയറുകയും ചെയറിനുനേരെ പാഞ്ഞടുക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ താല്ക്കാലികമായി സഭ നിർത്തിവയ്ക്കേണ്ടിവന്നു. ആരോഗ്യകരമായ ചർച്ചകൾ നടക്കേണ്ട ജനപ്രതിനിധി സഭകളിൽ സംവാദങ്ങളോടൊപ്പം പ്രതിഷേധവും ഉയർന്നുവരുന്നത് സ്വാഭാവികവും ഒരു പരിധിവരെ സ്വാഗതാർഹവുമാണ്. എന്നാൽ സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും അംഗങ്ങൾക്കായുള്ള പെരുമാറ്റചട്ടങ്ങളും ലംഘിക്കപ്പെടുമ്പോൾ അതിനെതിരെ

നടപടി സ്വീകരിക്കേണ്ടത് ചെയറിന്റെ കർത്തവ്യവും ഉത്തരവാദിത്വവുമാണ്. മുൻകാലങ്ങളിൽ സഭയുടെ അന്തസ്സിന് നിരക്കാത്ത പ്രവണതകൾ ഉണ്ടായ സാഹചര്യങ്ങളിലെല്ലാം യുക്തമായ നടപടികൾ സ്വീകരിച്ച കീഴ്വഴക്കമാണുള്ളത്. ഈ സാഹചര്യത്തിൽ ഇന്നലെ (20.11.2019) ഡയസ്സിലേയ്ക്ക് തള്ളിക്കയറുകയും മുദ്രാവാക്യം വിളിക്കുകയും പെരുമാറ്റചട്ടം ലംഘിക്കുകയും സഭയുടെ അന്തസ്സിന് ചേരാത്തവിധം പെരുമാറുകയും ചെയ്ത സർവ്വശ്രീ റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങളെ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ചെയറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെൻഷ്വർ ചെയ്യുന്നതായി അറിയിക്കുന്നു.

(സർവ്വശ്രീ റോജി എം. ജോൺ, എൽദോസ്. പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത് എന്നീ അംഗങ്ങളെ സെൻഷ്വർ ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): എല്ലാവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതിനുപകരം ഏകപക്ഷീയമായി സെൻഷ്വർ ചെയ്ത നടപടി ശരിയല്ല.

(അടിയന്തരപ്രമേയം അവതരിപ്പിച്ചില്ല.)

## III ശ്രദ്ധക്ഷണിക്കൽ

### തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം

ശ്രീ. എ. എൻ. ഷംസീർ: തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എൻ.എച്ച്.എ.ഐ.-യിൽ സമ്മർദ്ദം ചെലുത്തുന്നതിനും റോഡ് നിർമ്മാണത്തിനാവശ്യമായ മണ്ണ്, പാറ എന്നിവ ലഭ്യമാക്കുന്നതിനും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. ബണ്ട് നികത്തിയതിന്റെ ഫലമായുണ്ടായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ബാലം പാലത്തിന്റെ സ്പാൻ നീളം കൂട്ടുന്നതിനും തിരുവങ്ങാട്, കോടിയേരി വില്ലേജുകളിൽ പെഡസ്ട്രിയൻ അണ്ടർപാസ് നിർമ്മിക്കുന്നതിനും തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും പ്രവൃത്തി പുരോഗതി വിലയിരുത്താൻ എൻ.എച്ച്.എ.ഐ.-യെ ഉൾപ്പെടുത്തി ഉന്നതതലയോഗം വിളിക്കുന്നതിനും തയ്യാറാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളും പദ്ധതിയുടെ ഭാഗമായ മേജർ പാലങ്ങളുടെയും റെയിൽവേ മേൽപ്പാലത്തിന്റെയും പണികളും ആരംഭിച്ചിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരനും എൻ.എച്ച്.എ.ഐ.-യ്ക്കും നോട്ടീസ് നൽകിയിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യെ ഉൾപ്പെടുത്തി ഉന്നതതലയോഗം വിളിക്കുന്നതിന് സർക്കാർ തയ്യാറാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.22-ന് സഭ നിർത്തിവയ്ക്കുകയും 10.48-ന് പുനരാരംഭിക്കുകയും ചെയ്തു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മർദ്ദിച്ച പോലീസുദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്താത്തതിൽ പ്രതിഷേധിച്ച് സഭ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും അവതരിപ്പിച്ചില്ല. മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സംബന്ധിച്ച് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## V ഗവൺമെന്റ് പ്രമേയങ്ങൾ

### (1) പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആദായ നികുതി ഇളവ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്നവിധം കേന്ദ്ര ആദായ നികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. (വിശദമായ പ്രമേയം മേശപ്പുറത്തുവച്ചു)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ പാസ്സാക്കി.

### (2) കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കരട്

ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച പ്രമേയം അവതരിപ്പിക്കുന്നു. (വിശദമായ പ്രമേയം മേശപ്പുറത്തുവച്ചു)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ പാസ്സാക്കി.

## VI ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ പരിഗണിച്ചില്ല.)

## VII സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 21-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

## VIII റിപ്പോർട്ടുകളുടെ സമർപ്പണം

1. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2. സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## IX നിയമനിർമ്മാണകാര്യം

<u>സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല)

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

255. ഖണ്ഡം 2(എഫ്)-ൽ "കൈവരിക്കുന്നതിനുവേണ്ടി" എന്ന വാക്കിനു പകരം "കൈവരിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾ ചേർക്കുക.

293. ഖണ്ഡം 2(പി)-ൽ "സംവിധാനം" എന്നതിനു ശേഷം "ഫലപ്രദമായി" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

299. ഖണ്ഡം 3(1)-ൽ,

i) "ഔദ്യോഗിക " എന്ന വാക്ക് ഒഴിവാക്കുക.

ii) "കീഴിൽവരുന്ന" എന്നതിനു പകരം "കീഴിൽ വരുന്ന" എന്ന് ചേർക്കുക.

iii)"ഒരു അതോറിറ്റി" എന്നതിനു പകരം "ഓരോ അതോറിറ്റികൾ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

459. ഖണ്ഡം 5(2)-ൽ "കഴിയാതെ വരുന്ന സംഗതിയിൽ" എന്നതിനു പകരം "കഴിയാത്ത സാഹചര്യത്തിൽ" എന്നാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

676. ഖണ്ഡം (7)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വൈസ്ചെയർപേഴ്സണോ" എന്നതിന് പകരം "വൈസ് ചെയർപേഴ്സണോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

692. ഖണ്ഡം 8(4)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും മറ്റ് " എന്ന വാക്കുകൾ ഒഴിവാക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

792. ഖണ്ഡം 9(7)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.
"(8) രണ്ടോ അതിൽ അധികമോ അതോറിറ്റികൾക്ക് ബാധകമാകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയും പൊതുതീരുമാനം കൈക്കൊള്ളുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്ന പക്ഷം സർക്കാരിന് അങ്ങനെയുള്ള അതോറിറ്റികളുടെ കൂട്ടായ യോഗം വിളിച്ചു ചേർക്കുന്നതിന് ഏതൊരു അതോറിറ്റിക്കും നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള യോഗത്തിൽ അതോറിറ്റികളുടെ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്. അതോറിറ്റികളുടെ കൂട്ടായ യോഗം ചേരുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ, യോഗത്തിനാവശ്യമായ ക്വാറം എന്നിവ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്".

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

850. ഖണ്ഡം 9(4)-ൽ " ഭൂരിപക്ഷത്തിൽ" എന്ന വാക്കിനു പകരം "ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

919. ഖണ്ഡം 10(1)-ൽ "നിയമിക്കാവുന്നതും" എന്ന വാക്കിന് പകരം "രൂപീകരിക്കാവുന്നതും" എന്നത് ചേർക്കുക.

942. ഖണ്ഡം 10(2)-ൽ " ആവശ്യമായി വരുന്ന പ്രകാരം" എന്നീ വാക്കുകൾക്ക് പകരം " ആവശ്യമെങ്കിൽ" എന്ന വാക്ക് ചേർക്കുക.

946. ഖണ്ഡം 10(2)-ൽ " പ്രകാരം" എന്ന വാക്കിന് ശേഷം
" വിദഗ്ദ്ധനേയോ" എന്ന വാക്ക് ചേർക്കുക.

947. ഖണ്ഡം 10(2)-ൽ "ഉദ്ദേശ്യങ്ങളുമായി" എന്ന വാക്കിനു പകരം
"ഉദ്ദേശലക്ഷ്യങ്ങളുമായി" എന്ന വാക്ക് ചേർക്കുക.

971. ഖണ്ഡം 10(3)-ൽ "പ്രകാരമുള്ള" എന്ന വാക്കിനു ശേഷം "നിരക്കിൽ"
എന്ന വാക്ക് ചേർക്കുക.

1002. ഖണ്ഡം 10(5)-ൽ " മറ്റെല്ലാകാര്യങ്ങളും" എന്ന വാക്കിന് പകരം
" മറ്റെല്ലാക്കാര്യങ്ങളിലും" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1044. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഗസറ്റ് " എന്നതിനു മുൻപ്
"ഔദ്യോഗിക" എന്ന വാക്ക് ചേർക്കുക.

1055. ഖണ്ഡം 11(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കൂട്ടിച്ചേർക്കുകയോ" എന്ന വാക്കിനു ശേഷം "ഒഴിവാക്കുകയോ" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1141.ഖണ്ഡം 12(1)(സി)-ൽ "ധനരൂപീകരണം" എന്ന വാക്കിനു പകരം "ധനസമാഹരണം" എന്ന വാക്ക് ചേർക്കുക.

1199. ഖണ്ഡം 12 (1)(ഒ)-ൽ "ചെയ്യുക" എന്ന വാക്കിനു പകരം "നടപടിക്ക് ശുപാർശയും ചെയ്യുക" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1240. ഖണ്ഡം 13(2)-ൽ, "പരിഗണിച്ച ശേഷവും" എന്ന വാക്കിനു പകരം "പരിഗണിക്കുകയോ ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പരിഗണിക്കാതിരിക്കുകയോ ചെയ്ത ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

1248. ഖണ്ഡം 13(3)-ൽ "ആ പ്ലാൻ" എന്നതിനു പകരം "അങ്ങനെയുള്ള പ്ലാൻ" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 15-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1280.ഖണ്ഡം 15 (3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനു പകരം "അതോറിറ്റി നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1284. ഖണ്ഡം 15(1)-ൽ "ബന്ധപ്പെട്ട മറ്റാളുകൾ " എന്നതിനു ശേഷം ",സ്ഥാപനങ്ങൾ" എന്ന് ചേർക്കുക.

1293. ഖണ്ഡം 15(3)-ൽ "റിപ്പോർട്ടോ റിപ്പോർട്ടിന്റെ പകർപ്പോ" എന്നീ വാക്കുകൾക്ക് പകരം "റിപ്പോർട്ട് " എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 16-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1307. ഖണ്ഡം 16(2)-ൽ
i) "യൂസർചാർജ്ജ്" എന്നത് "യൂസർ ചാർജ്ജ്" എന്ന് മാറ്റുക.
ii)"യൂസർചാർജ്ജുകളോ" എന്നത് "യൂസർ ചാർജ്ജുകളോ' എന്ന് മാറ്റുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1336. ഖണ്ഡം 17 (ഐ) -ൽ "ഈ ആക്റ്റിനു കീഴിൽ" എന്നത് "ഈ ആക്റ്റിൻ കീഴിൽ" എന്നാക്കുക.

1342. ഖണ്ഡം 17 (കെ)-ൽ "ശിപാർശയോ" എന്ന വാക്കിന് പകരം "ശിപാർശകളോ" എന്ന വാക്ക് ചേർക്കുക.

1318-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

1318. ഖണ്ഡം 17(ബി)-ൽ "വിലയ്ക്കു" എന്നതിനുപകരം "വിലയ്ക്കോ പാട്ടത്തിനോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1363. ഖണ്ഡം 19-ൽ "സർക്കാരിൽ നിന്നോ" എന്നതിനു ശേഷം "സർക്കാർ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നോ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 20 മുതൽ 22 വരെയുള്ള വകുപ്പുകൾ

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 23-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു.

1386. ഖണ്ഡം 23(1)-ൽ

(i) "പണം " എന്ന വാക്കിന് പകരം "തുക" എന്ന വാക്ക് ചേർക്കുക.

(ii) " ഓരോവർഷവും"എന്ന വാക്കിനു പകരം "ഓരോ വർഷവും" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1396. ഖണ്ഡം 24(2)-ൽ "ആവശ്യപ്പെടാത്തിടത്തോളം" എന്നതിനു ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

26-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1412. ഖണ്ഡം 26 (1)-ൽ, "ആ റിപ്പോർട്ട്" എന്നതിനു പകരം "അങ്ങനെയുള്ള റിപ്പോർട്ട്" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1421. ഖണ്ഡം 27-ൽ

i) "സംസ്ഥാന" എന്ന വാക്ക് വരുന്നിടത്തു നിന്നെല്ലാം ആയത് ഒഴിവാക്കുക.

ii)"നൽകേണ്ടതാണ്" എന്നതിനു പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1429. ഖണ്ഡം 28(1)-ൽ

(i) "പാലിക്കുവാൻ" എന്ന വാക്കിനു പകരം "പാലിക്കുന്നതിൽ" എന്ന വാക്ക് ചേർക്കുക.

(ii) "പതിനായിരം" എന്നതിനു പകരം "ഇരുപത്തി അയ്യായിരം" എന്ന് ചേർക്കുക.

1437-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

1437. ഖണ്ഡം 28(2)-ൽ "കുറ്റസ്ഥാപനത്തിന്മേൽ" എന്നതിന് പകരം "കുറ്റം തെളിയിക്കപ്പെട്ടാൽ" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>29 മുതൽ 31 വരെയുള്ള വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

29 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 32-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1456.ഖണ്ഡം 32(1)-ൽ "ചട്ടങ്ങളുടെയോ റഗുലേഷനുകളുടെയോ" എന്നീ വാക്കുകൾക്കു പകരം "ചട്ടങ്ങളിലെയോ, റഗുലേഷനുകളിലെയോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 33 മുതൽ 39 വരെയുള്ള വകുപ്പുകൾ

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

33 മുതൽ 39 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33 മുതൽ 39 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 40-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1503. ഖണ്ഡം 40 (2) (ii)-ൽ "ജില്ലയ്ക്കുവേണ്ടി " എന്നതിന് പകരം "ജില്ലയ്ക്ക് വേണ്ടി" എന്ന് ചേർക്കുക.

1504. ഖണ്ഡം 40 (2) (ii)-ൽ, "കമ്മിറ്റിക്ക് " എന്ന വാക്കിന് പകരം "സമിതിക്ക്" എന്ന വാക്ക് ചേർക്കുക.

1507. ഖണ്ഡം 40 (3)-ൽ "വികസനങ്ങൾ" എന്നതിനു പകരം "വികസന പ്രവർത്തനങ്ങൾ" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 41-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1514. ഖണ്ഡം 41-ൽ "അപേക്ഷിക്കാവുന്നതാണ്" എന്നതിനുപകരം "ആവശ്യപ്പെടാവുന്നതാണ്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 42-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1518.ഖണ്ഡം 42(1)-ൽ "ഇല്ലാതെയോ ഫയൽ ചെയ്യാൻ പാടുള്ളതല്ല" എന്നതിനുപകരം "ഇല്ലാതെയും ഫയൽ ചെയ്യാൻ പാടുള്ളതല്ല" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 44-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1527.ഖണ്ഡം 44(2)-ൽ

(i) ഇനം (സി)-ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (ഡി) അതോറിറ്റികളുടെ കൂട്ടായ യോഗം ചേരുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളും യോഗത്തിന് ആവശ്യമായ ക്വാറവും;"

(ii) "നിലവിലുള്ള ഇനം (ഡി), (ഇ) എന്നിവ യഥാക്രമം ഇനം (ഇ) (എഫ്) ആയി പുനരക്ഷരം ചെയ്യുക" .

(iii) നിലവിലുള്ള ഇനം (എഫ്) ഒഴിവാക്കുക.

(iv) നിലവിലുള്ള ഇനം (എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക.

" (എച്ച്) 18-ാം വകുപ്പിന്റെ, (2) -ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം അർബൻ മൊബിലിറ്റി പ്രദേശത്ത് നിന്നും സമാഹരിക്കാവുന്ന യൂസർ ഫീസുകളും അല്ലെങ്കിൽ ചാർജ്ജുകളും, (3)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് തുക അടയ്ക്കുന്നതിനും അതിൽ നിന്നും തുക ഉപയോഗിക്കുന്നതിനും ഉള്ള രീതിയും വ്യവസ്ഥകളും;"

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1529. ഖണ്ഡം 44(1)-ൽ "വിജ്ഞാപനംവഴി" എന്ന വാക്കിന് പകരം "വിജ്ഞാപനം വഴി" എന്നീ വാക്കുകൾ ചേർക്കുക.

1535. ഖണ്ഡം 44(2)(ജി)-ൽ "വകുപ്പു പ്രകാരമുള്ള" എന്നതിന് പകരം "വകുപ്പ് പ്രകാരമുള്ള" എന്നത് ചേർക്കുക.

1538. ഖണ്ഡം 44(2)(ഐ)-ൽ "വകുപ്പുപ്രകാരം" എന്നതിന് പകരം "വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1540. ഖണ്ഡം 44(2)(ജെ)-ൽ "വകുപ്പുപ്രകാരമുള്ള" എന്നതിന് പകരം " വകുപ്പ് പ്രകാരമുള്ള " എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 45-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1541.ഖണ്ഡം 45 (എ)-ൽ, "തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും പൊതുവായ ഭരണനിർവ്വഹണത്തിനുമുള്ള നടപടിക്രമങ്ങളും" എന്നീ വാക്കുകൾക്ക് പകരം "പൊതുവായ ഭരണനിർവ്വഹണ കാര്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1544. ഖണ്ഡം 45-ൽ " അനുവാദത്തോടുകൂടി" എന്ന വാക്കിന് പകരം " അംഗീകാരത്തോടുകൂടി" എന്ന വാക്ക് ചേർക്കുക.

1545. ഖണ്ഡം 45-ൽ " പൊരുത്തപ്പെട്ടുകൊണ്ടും" എന്ന വാക്കിന് പകരം " വിരുദ്ധമല്ലാത്തവിധം" എന്ന വാക്ക് ചേർക്കുക.

1549. ഖണ്ഡം 45(എ)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1550. ഖണ്ഡം 45(ബി)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1551. ഖണ്ഡം 45(സി)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

1553. ഖണ്ഡം 45(ഇ)-ൽ " വകുപ്പുപ്രകാരം" എന്നതിന് പകരം " വകുപ്പ് പ്രകാരം" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 46-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

1557. ഖണ്ഡം 46-ൽ "അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ" എന്നതിനു ശേഷം "അപ്രകാരമുള്ള" എന്ന വാക്കു ചേർക്കുക.

1562. ഖണ്ഡം 46-ൽ "മുമ്പ്" എന്ന വാക്കിനു പകരം "മുൻപ്" എന്ന വാക്കു ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി

അവതരിപ്പിച്ചു.

1564. ഖണ്ഡം 47(2)-ൽ "വിഷയം" എന്ന വാക്കിനു പകരം "തർക്കം" എന്ന വാക്കു ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>48-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1566.ഖണ്ഡം 48(1)-ൽ "ഗസറ്റിൽ" എന്നതിനു പകരം "ഔദ്യോഗിക ഗസറ്റിൽ" എന്നു ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പട്ടിക I

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

പട്ടിക I ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക I വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പട്ടിക II

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1582. ഖണ്ഡം 2 (പി) യുടെ പട്ടിക II-ന്റെ ഇനം 4-ൽ "സംയോജനത്തിനും" എന്ന വാക്കിനു ശേഷം "മേൽനോട്ടത്തിനും" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക II ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക II ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

166. പീഠികയിൽ "രൂപീകരിക്കുന്നതിലേക്ക്" എന്ന വാക്കിനു പകരം "രൂപീകരിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

181. തത്വ പ്രഖ്യാപന വാക്യത്തിൽ "ഇനിപറയും" എന്നതിനു പകരം "ഇനിപ്പറയും" എന്നത് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ

പിന്താങ്ങുന്നു.

2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി

അവതരിപ്പിച്ചു.

188. ഖണ്ഡം 2(എ)-ൽ "ചിപ്പി" എന്നതിനുശേഷം "കക്ക" എന്ന് ചേർക്കുക.

210. ഖണ്ഡം 2 (ഇ) (i)-ൽ "അവിവാഹിതരായ" എന്ന വാക്കിനു മുൻപ് "ദത്തെടുത്ത കുട്ടികൾ" എന്ന വാക്കുകൾ ചേർക്കുക.

222. ഖണ്ഡം 2(ഇ)(ii)-ൽ "അച്ഛനും അമ്മയും" എന്നതിനു പകരം "മാതാപിതാക്കൾ" എന്ന് ചേർക്കുക.

287. ഖണ്ഡം 2(ഐ)-ൽ "60" എന്ന അക്കങ്ങൾക്കു പകരം "അറുപത്" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

206. ഖണ്ഡം 2 (ഇ) (i) -ൽ

ii. "അവിവാഹിതരായ പെൺമക്കൾ" എന്നീ വാക്കുകൾക്ക് പകരം "അവിവാഹിതരോ, വിധവകളോ, വിവാഹ മോചിതരോ ആയ പെൺമക്കൾ" എന്നീ വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 2 (ഇ) (i)-ൽ " മാനസിക വളർച്ച പ്രാപിക്കാത്തതോ" എന്ന വാക്കുകൾക്കുപകരം "ഭിന്നശേഷിക്കാരായതോ" എന്ന് ചേർക്കുക.

302. ഖണ്ഡം 2(എം)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

"നിലവിലുള്ള (കെ), (എൽ), (എം) എന്നീ ഇനങ്ങൾ യഥാക്രമം (എൽ), (എം), (എൻ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (എൽ) ഇനത്തിനുമുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതുമാണ്, അതായത്-

"(കെ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;"

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

926. (1) ഖണ്ഡം 3(5)-ൽ

(i) ഇനം(സി)-ൽ "അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ നിർദ്ദേശിക്കപ്പെടാവുന്ന അങ്ങിനെയുള്ള" എന്ന വാക്കുകൾക്ക് പകരം "അടച്ച അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

(ii) ഇനം (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എഫ്) അംഗങ്ങളുടെ ചികിത്സാ ധനസഹായത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ നൽകുന്നതിനും, വനിതാ അംഗങ്ങളുടെയോ അംഗത്തിന്റെ പെൺമക്കളുടെയോ വിവാഹ ധനസഹായത്തിനും അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായത്തിനും;"

(iii) ഇനം (എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക:

"(എച്ച്) അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും, വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന മരണവും ശാരീരിക അവശതകളും പലവിധത്തിലുള്ള വിഷബാധകളും ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക്, അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, നഷ്ടപരിഹാരം നൽകുന്നതിന് ;"

(iv) ഇനം (എച്ച്)-ന് ശേഷം (ഐ) ആയി താഴെപ്പറയുന്ന ഇനം

ചേർക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ഐ) നിധിയിലേയ്ക്ക് അംശദായം അടയ്ക്കുകയും അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ളതുമായ തുക തിരികെ നൽകുന്നതിന്;"

(2) ഖണ്ഡം 3(7)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(8) സർക്കാരിന്, വിജ്ഞാപനം വഴി, ഈ വകുപ്പിൻകീഴിൽ ആവിഷ്കരിക്കുന്ന പദ്ധതി, മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്".

(3) ഖണ്ഡം 3-ൽ ഉപഖണ്ഡം (8)-നെ (9) ഉപഖണ്ഡമായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (9)-ാം ഉപഖണ്ഡത്തിൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "ഈ വകുപ്പ് പ്രകാരം" എന്ന വാക്കുകൾ ചേർക്കുകയും ചെയ്യുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

303. ഖണ്ഡം 3 ന്റെ മാർജിനൽ ശീർഷകത്തിൽ "കേരള കർഷകക്ഷേമനിധി"

എന്നത് "കേരള കർഷക ക്ഷേമനിധി" എന്നാക്കുക.

304. ഖണ്ഡം 3(1)-ൽ

ii)“ കേരളകർഷക ക്ഷേമനിധി പദ്ധതി” എന്നത് “ കേരള കർഷക ക്ഷേമനിധി പദ്ധതി” എന്ന് ചേർക്കുക.

331. ഖണ്ഡം 3(3)(iii)-ൽ "ബാങ്കിലുള്ള" എന്ന വാക്കിനു പകരം "ബാങ്ക് അക്കൗണ്ടിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

332. ഖണ്ഡം 3(3)(iv)-ൽ "സംസ്ഥാന സർക്കാരോ" എന്നതിനു ശേഷം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ" എന്ന് ചേർക്കുക.

337. ഖണ്ഡം 3(3)(iv)-ൽ "സ്ഥാപനങ്ങളോ" എന്നതിനു ശേഷം "സംഘടനകളോ" എന്ന് ചേർക്കുക.

338. ഖണ്ഡം 3(3)(iv)-ൽ "കോർപറേറ്റ്" എന്ന വാക്കിനു പകരം "കോർപ്പറേറ്റ്" എന്ന വാക്ക് ചേർക്കുക.

340. ഖണ്ഡം 3(3)(v)-ൽ "വർഷംതോറും" എന്നതിനു പകരം "വർഷം തോറും" എന്ന് ചേർക്കുക

341. ഖണ്ഡം 3(3)(v)-ൽ "നല്കുന്ന" എന്ന വാക്കിനു പകരം "നൽകുന്ന" എന്ന വാക്ക് ചേർക്കുക.

360. ഖണ്ഡം 3(3)(ix)-ൽ "പ്രകൃതിസംരക്ഷണം" എന്ന വാക്കിന് പകരം "പരിസ്ഥിതിസംരക്ഷണം" എന്ന വാക്ക് ചേർക്കുക.

397. ഖണ്ഡം 3(5) (സി)-ൽ "തൊഴിൽ" എന്നതിനു പകരം "കാർഷിക വൃത്തി" എന്ന് ചേർക്കുക.

398. ഖണ്ഡം 3(5) (സി)-ൽ "അഞ്ചു" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്കു ചേർക്കുക.

406. ഖണ്ഡം 3(5)(സി)-ൽ "നല്കുന്നതിന്" എന്ന വാക്കിനു പകരം "നൽകുന്നതിന്" എന്ന വാക്കു ചേർക്കുക.

422. ഖണ്ഡം 3(5)(ജി)-ൽ "മുടങ്ങാതെ" എന്ന വാക്ക് ഒഴിവാക്കുക.

435. ഖണ്ഡം 3(6)-ൽ "അംഗീകാരത്തോടുകൂടി" എന്നതിനു പകരം "അനുമതിയോടു കൂടി"എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

409. ഖണ്ഡം 3(5)(ഇ)-ൽ "സ്ഥായിയായ ശാരീരിക/മാനസിക" എന്ന വാക്കുകൾക്കുപകരം "സ്ഥായിയായ ശാരീരിക/മാനസിക അവശത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

346-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

346. ഖണ്ഡം 3(3)(vi)-ൽ "സംഭരിക്കുന്ന" എന്നതിനു പകരം "സമാഹരിക്കുന്ന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

927. (i) ഖണ്ഡം 4(2)-ൽ, "കൃഷിഭവനിലും ബന്ധപ്പെട്ട കൃഷി ഓഫീസുകളിലും" എന്ന വാക്കുകൾക്കുപകരം "കൃഷിഭവനിൽ" എന്ന വാക്ക് ചേർക്കുക.

(ii) ഖണ്ഡം 4(3)-ൽ, "(2)-ാം ഉപവകുപ്പുപ്രകാരമുള്ള" എന്ന വാക്കുകൾക്കും അക്കത്തിനും ചിഹ്നങ്ങൾക്കും പകരം "(2)-ാം ഉപവകുപ്പ് പ്രകാരം", എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

457. ഖണ്ഡം 4(2)-ൽ, "അപേക്ഷകൾ എല്ലാം തന്നെ " എന്നതിനുപകരം "എല്ലാ അപേക്ഷകളും "എന്ന് ചേർക്കുക.

463. ഖണ്ഡം 4(2)-ൽ "സർട്ടിഫൈ ചെയ്യിരിക്കേണ്ടതാണ് " എന്നീ വാക്കുകൾക്കു പകരം "സാക്ഷ്യപ്പെടുത്തേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

479. ഖണ്ഡം 4(3)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "തള്ളിക്കളയുന്ന " എന്ന വാക്കിനു പകരം "നിരസിക്കുന്ന" എന്ന വാക്ക് ചേർക്കുക.

495. ഖണ്ഡം 4(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "തള്ളിക്കളയുവാൻ" എന്നതിനു പകരം "നിരസിക്കുവാൻ" എന്ന് ചേർക്കുക.

510. ഖണ്ഡം 4(4)-ൽ " അന്തിമ്മായിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം " അന്തിമമായിരിക്കുന്നതുമാണ്" എന്ന വാക്ക് ചേർക്കുക.

517. ഖണ്ഡം 4(6)-ൽ " ഓഫീസർ" എന്ന വാക്കിന് പകരം " ആഫീസർ" എന്ന വാക്ക് ചേർക്കുക.

518. ഖണ്ഡം 4(6)-ൽ " ഏർപ്പാടുകൾ" എന്നതിന് പകരം " ക്രമീകരണങ്ങൾ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ ഔദ്യോഗിക

ഭേദഗതികളായി അവതരിപ്പിച്ചു.

488. ഖണ്ഡം 4(3)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്ന് ചേർക്കേണ്ടതാണ്.

503. ഖണ്ഡം 4(4)-ൽ "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനു പകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്ന് ചേർക്കേണ്ടതാണ്.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

529. ഖണ്ഡം 5(1)-ൽ "കണ്ടെത്തുകയാണെങ്കിൽ" എന്നതിനു പകരം

" കണ്ടെത്തുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

539. ഖണ്ഡം 5(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ, "ഏതൊരാൾക്കും" എന്നതിനു പകരം " ഏതൊരു അംഗത്തിനും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

534. ഖണ്ഡം 5(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ, "അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ" എന്നതിനുപകരം "അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ഉം 7-ഉം വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

928. ഖണ്ഡം 8(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നുമാത്രമല്ല അംഗങ്ങൾക്ക് അവർ ഒടുക്കേണ്ടതായ അംശദായം വാർഷികമായോ അർദ്ധവാർഷികമായോ ഒരുമിച്ച് ഒടുക്കാവുന്നതാണ്"

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

585. ഖണ്ഡം 8(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "അതേ സാമ്പത്തിക വർഷത്തിൽ" എന്നതിനുപകരം "അതേ സാമ്പത്തിക വർഷത്തിൽ രണ്ടു തവണയിൽ കൂടുതൽ കുറവ് വരുത്താൻ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

591-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

591. ഖണ്ഡം 8 (2) -ൽ "പരമാവധി" എന്നതിന് ശേഷം "പ്രതിമാസം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

929. (i) ഖണ്ഡം 9(1)-ൽ, "ഒരു ശതമാനം വരുന്ന തുക" എന്ന വാക്കുകൾക്കുശേഷം "കർഷകർക്കുള്ള അവകാശലാഭമെന്ന നിലയ്ക്ക്" എന്നീ വാക്കുകളും "ബോർഡിലേയ്ക്ക്" എന്ന വാക്കിനുപകരം "നിധിയിലേയ്ക്ക്" എന്ന വാക്കും ചേർക്കുക.

(ii) ഖണ്ഡം 9(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

"എന്നുമാത്രമല്ല സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ വിജ്ഞാപനം വഴി, വാർഷിക ലാഭത്തിന്റെ പരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്."

(iii) ഖണ്ഡം 9(5)-ൽ "ഏതൊരു അന്വേഷണവും" എന്ന വാക്കുകൾക്കുശേഷം "1860-ലെ" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

(iv) ഖണ്ഡം 9(5)-ന് താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം":- ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "വ്യാപാരി" എന്നാൽ കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്ന സംരംഭകരോ വ്യവസായികളോ വ്യവസായ സ്ഥാപനങ്ങളോ എന്നർത്ഥമാകുന്നു."

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

611 ഖണ്ഡം 9 (1)-ൽ "ഒരു വർഷത്തെ" എന്ന വാക്കുകൾക്കു പകരം "വാർഷിക" എന്ന വാക്കു ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

930. (i) ഖണ്ഡം 11(1)-ൽ "ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടുകൂടി" എന്ന വാക്കുകൾക്കുശേഷം "നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും" എന്ന വാക്കുകളും "അവ നിർവ്വഹിക്കുന്നതിനുമായി"

എന്ന വാക്കുകൾക്കുപകരം "അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി" എന്ന വാക്കുകളും ചേർക്കുക.

(ii) ഖണ്ഡം 11(4)(viii)-ൽ " കേരള കാർഷിക സർവ്വകലാശാലയുടെ പ്രോ-ചാൻസലർ" എന്ന വാക്കുകൾക്കുപകരം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

662. ഖണ്ഡം 11(3)-ൽ "കൃഷിയിൽ" എന്നതിനു പകരം "കാർഷിക മേഖലയിൽ " എന്ന് ചേർക്കുക.

692. ഖണ്ഡം 11(4)(iii)-ൽ "കൃഷി വകുപ്പ് " എന്നതിനു പകരം "കാർഷിക വികസനവും, കർഷക ക്ഷേമവും വകുപ്പ് " എന്ന് ചേർക്കുക.

751. ഖണ്ഡം 11(6)-ൽ "ഇരുപത് " എന്നതിന് പകരം "പത്ത് " എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

782. ഖണ്ഡം 12(4)-ൽ "ചെയർപേഴ്സൺ" എന്നതിനു പകരം "ചെയർപേഴ്സണ്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

784. ഖണ്ഡം 13(1)-ൽ "ചാർജ്ജ് എടുത്ത" എന്നതിന് പകരം "ചുമതല ഏറ്റെടുത്ത" എന്നത് ചേർക്കുക.

787. ഖണ്ഡം 13(1)-ൽ "അഞ്ച്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

790. ഖണ്ഡം 13(1)-ൽ "ഉദ്യോഗം" എന്ന വാക്കിന് പകരം "പദവി" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

831. ഖണ്ഡം 14(1)ന്റെ ക്ലിപ്തനിബന്ധനയിൽ "നല്കേണ്ടതാണ്" എന്ന വാക്കിനു പകരം "നൽകേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

931. ഖണ്ഡം 15(2)-ൽ "അലവൻസുകളും" എന്ന വാക്കിനുപകരം "ബത്തകളും" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

840. ഖണ്ഡം 15(1)-ൽ "ഓഫീസറെയും" എന്ന വാക്കിനു പകരം "ആഫീസറെയും" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

853. ഖണ്ഡം 15(2)-ൽ

i) "മറ്റ് സേവന വ്യവസ്ഥകളും " എന്നതിന് പകരം "മറ്റ് സേവന വേതന വ്യവസ്ഥകളും" എന്ന് ചേർക്കുക.

854. ഖണ്ഡം 15(3)-ൽ

ii) "നിയമനംവഴി" എന്നതിനു പകരം"നിയമനം വഴി" എന്ന് ചേർക്കുക.

iii) "ചെയ്തപ്രകാരമുള്ള" എന്നതിന് പകരം "ചെയ്ത പ്രകാരമുള്ള" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

861. ഖണ്ഡം 17 (1)-ൽ "8-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യതയുള്ള" എന്നീ വാക്കുകൾക്കു പകരം "നിധിയിൽ അംഗമായ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

865. ഖണ്ഡം 18 (1)-ൽ

i) "അനുമതിയോടുകൂടി" എന്നതിന് പകരം "അനുമതിയോടു കൂടി" എന്ന്

ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>19-ഉം 20-ഉം വകുപ്പുകൾ</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ഉം 20-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>21-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

879. ഖണ്ഡം 21-ൽ "ഓഫീസറും" എന്ന വാക്കിനു പകരം "ആഫീസറും" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 22-ഉം 23 - ഉം വകുപ്പുകൾ

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

22-ഉം 23-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ഉം 23 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 24-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

890. ഖണ്ഡം 24(2)-ൽ "അനുവാദത്തോടു" എന്നതിനു പകരം "അനുമതിയോടു" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

897-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

897. ഖണ്ഡം 25(1)-ൽ "അതിക്രമിക്കുകയോ" എന്നതിന് പകരം

"അതിലംഘിക്കുകയോ" എന്ന് ചേർക്കുക

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

932. ഖണ്ഡം 26(1)-ൽ "സർക്കാർ" എന്ന വാക്കിനുപകരം 'ബോർഡ്'

എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ഉം 28 - ഉം വകുപ്പുകൾ

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

27-ഉം 28-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ഉം 28-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 29-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

933. ഖണ്ഡം 29(3)-ൽ "തീയതിയിൽ കിസാൻ അഭിമാൻ പദ്ധതി ഇല്ലാതായിത്തീരുന്നതാണ് "എന്നീ വാക്കുകൾക്കു പകരം "തീയതി മുതൽ കിസാൻ അഭിമാൻ പദ്ധതിയിലെ

അംഗങ്ങൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാർ വർഷംതോറും നൽകുന്ന തുക ബോർഡ് വഴി വിതരണം ചെയ്യുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

920. പട്ടികയിൽ ക്രമനം 5-ൽ "ഓഫീസറുടെ" എന്ന വാക്കിനു പകരം "ആഫീസറുടെ" എന്ന വാക്ക് ചേർക്കുക.

923. പട്ടികയിൽ, ക്രമനമ്പർ 11-ൽ "ഐഡന്റിറ്റി കാർഡിന്റെ" എന്നതിനുപകരം "തിരിച്ചറിയൽ കാർഡിന്റെ" എന്ന് ചേർക്കുക.

924. പട്ടികയിൽ, ക്രമനമ്പർ 15-ൽ "ചെയ്യുന്നതിനുള്ള" എന്ന വാക്കിനുപകരം "വഹിക്കുന്നതിനുള്ള" എന്ന വാക്ക്

ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

132. പീഠികയിൽ

(ii) “താഴെ പറയും" എന്നീ വാക്കുകൾക്ക് പകരം "താഴെപ്പറയും” എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സാമൂഹ്യസുരക്ഷ ഉറപ്പാക്കിക്കൊണ്ട് കർഷകർക്കായി രൂപീകരിച്ച ഈ ബിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാണ്. വരുമാനം ഗണ്യമായി കുറയുന്ന കർഷകരെ സംരക്ഷിക്കാൻ ഒരു സ്റ്റിമുലസ് പാക്കേജും കേന്ദ്രസർക്കാർ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റുവൽക്കരണം കാരണം കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഒഴിവാക്കാനാണ് ഇത്തരമൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ അംഗമാകുന്ന കർഷകരുടെയും അവരുടെ കുടുംബത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്ന നിരവധി ക്ഷേമപദ്ധതികൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെറുകിട പ്ലാന്റേഷൻ കൃഷിക്കാരേയും അഞ്ച്

സെന്റുമുതൽ പതിനഞ്ചേക്കർ വരെയുള്ള കൃഷിക്കാരെയും ഉൾപ്പെടുത്തിയാണ് ബിൽ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ കർഷകർക്ക് നൽകിവരുന്ന ആനുകൂല്യം നിലനിർത്തിക്കൊണ്ടുതന്നെ ക്ഷേമനിധിയിൽ അംഗങ്ങളാക്കാനും ചെറുകിട നാമമാത്ര കർഷകരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുമാണ് ഉദ്ദേശിക്കുന്നത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X അവകാശലംഘന പ്രശ്നങ്ങൾ

(1) <u>അനുമതി നിഷേധിച്ചവ</u>

ശ്രീ. ടി. വി. ഇബ്രാഹിം ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. പാറക്കൽ അബ്ദുല്ല മുഖ്യമന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

(2) പരിഗണനയിലിരിക്കുന്നവ

ശ്രീ. എം. വിൻസെന്റ് തിരുവനന്തപുരം ജില്ലാകളക്ടർക്കെതിരെയും ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷനേതാവിന്റെ അവകാശാധികാരങ്ങൾ നിഷേധിച്ചതിനെതിരെയും ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കെതിരെയും ശ്രീ. കെ. സി. ജോസഫ് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവർക്കെതിരെയും ശ്രീ. അബ്ദുൽ ഹമീദ് പി. കെ.എസ്.ഇ.ബി. കടലുണ്ടി സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയും നൽകിയ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

## XI പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ക്രിസ്തുമസ് നവവത്സരാംശസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്ക് 12.01-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *